# ഭിന്നത എന്തുകൊണ്ട് സംഭവിച്ചു?
## മുഖവുര

വേദഭാഗം: 1 ഉം 2 ഉം രാജാക്കന്മാർ

എതാനും ആഴ്ച്ചകൾക്ക് മുൻപ് ബഹുമാ-ന്യനായ ദീർഘ-കാല ഉപദേഷ്ടാവായിരുന്ന ഒരു വ്യക്തി തന്റെ ഭാര്യയോട് അവിശ്വസ്തനായി വിവാഹജീവിതത്തെ തകർത്തുകളഞ്ഞു എന്ന് ഒരെഴുത്ത് എനിക്ക് ലഭിക്കുകയുണ്ടായി. ആ വാർത്ത എന്നെ അമ്പരപ്പിച്ചു. ഉടനെ എന്തുകൊണ്ട് അങ്ങനെ സംഭവിച്ചുകൂടാ എന്ന കാരണങ്ങളെ കുറിച്ച് ഞാൻ ചിന്തിക്കുവാൻ തുടങ്ങി. ഞാൻ എന്നിൽ ചിന്തിച്ചു, "അദ്ദേഹത്തിന് തിരുവെഴുത്ത് അറിയാമായിരുന്നു. അദ്ദേഹം അനേക വർഷം നീതിക്കുവേണ്ടിയുള്ള സമർപ്പണത്തെ കുറിച്ച് രഹസ്യമായും പരസ്യമായും പഠിപ്പിച്ചിരുന്നു. അദ്ദേഹം പാപ സ്വഭാവത്തെ അറിഞ്ഞ ബുദ്ധിമാനായിരുന്നു. ഏതൊരാളെയും ദൈവഭക്തിയിൽ സ്വാധീനിക്കുവാൻ കഴിവുള്ളവർക്ക് ചുറ്റുമാണ് അദ്ദേഹം ജീവിച്ചിരുന്നത്."

"അല്ല," ഞാൻ എന്നോടു തന്നെ പറഞ്ഞു, "എങ്കിൽ അങ്ങനെ സംഭവിക്കുവാൻ സാധ്യതയില്ല." എങ്ങനെയായാലും, വാർത്ത ശരിയായിരുന്നു; അത് സംഭവിച്ച*തായിരുന്നു*. ഒരു സത്യ ക്രിസ്ത്യാനിയായി ജീവിക്കുവാനുള്ള അവസരം ഉണ്ടായിരുന്നിട്ടും, തന്റെ ജീവിതത്തിലും, കുടുംബത്തിലും, തന്റെ സുവിശേഷ വേലയിലും വിഘ്നം വരുത്തുവാൻ ആ മനുഷ്യൻ പിശാചിനെ അനുവദിച്ചു.

യിസ്രായേൽ ജനം വേർപിരിഞ്ഞത് വായിക്കുമ്പോൾ, നമ്മുടെ മനസിലേക്ക് വരുന്ന ചിന്ത ഇതാണ്. ശലോമോന്റെ കാലത്ത് (1 ശമുവേൽ 8:1–4), ദൈവം ജനങ്ങളുടെ നിർബ്ബന്ധത്തിനു വഴങ്ങി യിസ്രായേലിന് ഒരു രാജാവിനെ വാഴിച്ചു കൊടുത്തു. ആദ്യത്തെ മൂന്നു രാജാക്കന്മാരായ ശൗൽ, ദാവീദ്, ശലോമോൻ – എന്നിവർ 120 വർഷം വാണു (ദാവീദിന്റെ ആദ്യത്തെ 7 1/2 വർഷത്തെ വാഴ്ച്ചയടക്കം[1]), ദൈവം അബ്രഹാമിന്നു കൊടുത്ത വാഗ്ദാനത്തിന്റെ ഭാഗിക നിറവേറലായിരുന്ന ആ രാജ വാഴ്ച്ച യിസ്രായേലിൽ ഐക്യം ആസ്വദിച്ച കാലമായിരുന്നു (ഉൽപത്തി 12:5–7). ശലോമോന്റെ മരണവും രെഹോബയാമിന്റെ ആവിർഭാവവും, ഒറ്റ രാജ്യമായിരുന്ന യിസ്രായേൽ പിന്നെ ഒരിക്കലും യോജിക്കാത്ത വിധത്തിൽ ഛേദിക്കപ്പെടുവാനിടയായി. അത്, പത്തു ഗോത്രങ്ങൾ ചേർന്ന് വടക്കേ രാജ്യം എന്നും യുദയും ബെന്യാമിനും എന്നീ രണ്ട് ഗോത്രങ്ങൾ ചേർന്ന് തെക്കേ രാജ്യം എന്നും അറിയപ്പെടുവാൻ തുടങ്ങി..

"ഇല്ല" യിസ്രായേൽ അങ്ങനെ ചെയ്യുകയില്ല എന്നു നാം പറയും. മറ്റേതൊരു രാജ്യം രണ്ട് ഭാഗങ്ങളായി വേർപിരിഞ്ഞാലും, ദൈവത്തിന്റെ ദേശത്തിൽനിന്നു നാം അത് പ്രതീക്ഷിക്കുകയില്ല! ലോക ചരിത്രത്തിൽ, യിസ്രായേലിനെ പോലെ ദൈവം ഇത്രമാത്രം തിരഞ്ഞെടുത്ത്, നയിക്കുകയും, അനുഗ്രഹിക്കുകയും ചെയ്ത മറ്റൊരു ദേശമില്ല. ദൈവത്തിന്റെ അസംഖ്യം പ്രവൃത്തികൾ യിസ്രായേൽ കണ്ടിട്ടുണ്ട്. തന്റെ അത്ഭുത ശക്തിയാൽ അവരുടെ പല ശത്രുക്കളെയും അവൻ തോൽപിക്കുകയും അവർക്ക് ഓരോ ദിവസവും ആഹാരവും നൽകിയിരുന്നു. അവർക്ക് അവന്റെ സഹായത്തെ കുറിച്ച് അറിയാമായിരുന്നു, ആ സംഭവങ്ങളെ കുറിച്ച് നാം വായിക്കുമ്പോൾ ചിന്തിച്ചുപോകും, "തീർച്ചയായും, പരീക്ഷണങ്ങളും കുഴപ്പങ്ങളും നേരിട്ടാലും, യിസ്രായേൽ ശക്തിയും ഐക്യതയും ഉപേക്ഷിച്ച് വിഭജിക്കുവാനിടയി

ല്ല." എന്നിരുന്നാലും യിസ്രായേൽ വിഭജിച്ചു.

എന്തുകൊണ്ട്? അത് എങ്ങനെ സംഭവിച്ചു?

വിഭജനത്തിന് തിരിച്ചറിയാവുന്ന അഞ്ചു ഘടകങ്ങൾ കാണാം.

## അസൂയ

ഗോത്രങ്ങൾക്കിടയിൽ ദീർഘ-കാലമായി ഉണ്ടായിരുന്ന ഒന്നായിരുന്നു അസൂയ എന്നു തോന്നുന്നു. മുന്നൂറു പേരോടുകൂടി വിജയം കൈവരിച്ച ഗിദേയോന്, എഫ്രയിം ഗോത്രത്തിൽനിന്ന് അസൂയ നേരിടേണ്ടി വന്നു: "നീ മിദ്യാന്യരോട് യുദ്ധം ചെയ്‌വാൻ പോയപ്പോൾ ഞങ്ങളെ വിളിക്കാഞ്ഞതെന്ത്? ഇങ്ങനെ ഞങ്ങളോട് ചെയ്‌വാൻ സംഗതി എന്ത്? എന്നു പറഞ്ഞു അവരോട് ഉഗ്രമായി വാദിച്ചു" (ന്യായാധിപന്മാർ 8:1). എഫ്രയിമിന്റെ പൊങ്ങച്ചത്തെ ഇളകി മറിഞ്ഞ വെള്ളത്തെ ശാന്തമാക്കിക്കൊണ്ട് നിശബ്ദമാക്കി ... എങ്ങനെയായാലും, വർഷങ്ങൾക്ക് ശേഷം, ഇതേ ചോദ്യവുമായി യിഫ്തയെ എഫ്രയിം നേരിടുകയുണ്ടായി, തൽഫലമായി ഒരു ആഭ്യന്തര-കലഹവും പൊട്ടിപ്പുറപ്പെട്ടു (ന്യായാധിപന്മാർ 12:1-3). ദാവീദിന്റെ അവസാനകാലത്ത്, യെഹൂദാ ജനം അബ്ശലോമിൽനിന്നും ഓടി പോയ ദാവീദ് മടങ്ങി വന്നപ്പോൾ അവനെ സ്വീകരിച്ചു, എന്നാൽ മറ്റു ഗോത്രങ്ങൾ കോപത്തോടെ ദാവീദിനോട് ചോദിച്ചു, "ഞങ്ങളുടെ സഹോദരന്മാരായ യെഹൂദാപുരുഷന്മാർ രാജാവിനേയും അവന്റെ കുടുംബത്തെയും, ദാവീദിന്റെ സകല പരിചാരകന്മാരെയും മോഷ്ടിച്ചു കൊണ്ടുവന്ന് യോർദ്ദാൻ കടത്തിയത് എന്ത്?" (2 ശമുവേൽ 19:41). ശേബയുടെ നേതൃത്വത്തിൽ യെഹൂദ്യയിൽ നിന്നു പതിനൊന്നു ഗോത്രങ്ങളെ മാറ്റി പ്രദക്ഷിണത്തിൽ പറഞ്ഞു, "ദാവീദിങ്കൽ നമുക്ക് ഓഹരിയില്ല; യിശ്ശായിയുടെ മകങ്കൽ അവകാശവുമില്ല; ..." (2 ശമുവേൽ 20:1). ദാവീദ് ശേബയെ നേരിടുകയും ഭിന്നത ഇല്ലാതാക്കുകയും ചെയ്തു; എന്നാൽ ആ സംഭവം രെഹബെയാമിന്റെ കാലത്ത് നടക്കുവാനിരിക്കുന്ന നിത്യമായ വേർപാടിന്റെ ഒരു മുൻസൂചനയായിരുന്നു.

ഇത്തരം അസൂയയെ വളരെ കാലം അനുവദിക്കുകയും, ദേശത്തെ മുഴുവൻ ഭിന്നിപ്പിക്കുന്നതിലേക്ക് രെഹബെയാം കാരണമായി തീരുകയും ചെയ്തു. പ്രതിസന്ധി സ്വഭാവത്തെ സൃഷ്ടിക്കുകയല്ല, സ്വഭാവത്തെ വെളിപ്പെടുത്തുകയാണ് ചെയ്യുന്നത്, അതുപൊലെ ദുഷ്ടത വളരെ കാലം അനങ്ങാതെയിരിക്കുകയും, പിന്നെ അത് നദീ പ്രവാഹം പോലെ ഒഴുകി വരികയും ചെയ്യും.

## ആശയവിനിമയത്തിന്റെ അഭാവം

യിസ്രായേൽ സമൂഹത്തിലെ രണ്ട് മുഖ്യ ഭാഗങ്ങൾ തമ്മിലുള്ള ദൂരവും ഭൂമിശാസ്ത്രപരമായി പാലസ്തീന്റെ വടക്കുഭാഗത്ത് സ്ഥിതി ചെയ്തിരുന്ന പർവ്വതനിരകളുടെ കിടപ്പുമാകാം അവർക്കിടയിൽ ആശയവിനിമയത്തിന് ബുദ്ധിമുട്ടുണ്ടാക്കിയത്. കൃപയാലാണ് ദൈവം അവർക്ക് ആ ഭൂപ്രദേശം നൽകിയത്. എങ്ങനെയായാലും, ഐക്യതയും കൂട്ടായ്മയും നിലനിർത്തുവാൻ ദൈവജനത്തിന് പരിശ്രമം ആവശ്യമായിരുന്നു. സാമൂഹ്യ ജീവിതത്തിൽ നല്ല കുടംബ ബന്ധങ്ങൾ "സ്ഥിരീകരിച്ച്" സ്വീകരിച്ചു പോകുക എന്നതു എളുപ്പമാണെന്നു തോന്നുമെങ്കിലും വെല്ലുവിളികൾ നിറഞ്ഞതാണ്.

ദേശങ്ങളും കുടുംബങ്ങളും യിസ്രായേലിൽനിന്നും ഒരു ശക്തമായ പാഠം പഠിക്കേണ്ടിയിരിക്കുന്നു. ആശയവിനിമയത്തിന് സമയം ആവശ്യമാണ്. *ഒന്നും* വിജയിക്കാതിരിക്കുവാനാണ് എല്ലാവരും ഏതെങ്കിലും ദുഷ്ടതയെ അനുവദിക്കുന്നത്. ദുഷ്ടതയുടെ പരിണിതഫലമാണ് പരാജയവും അധഃപ്പതനവും. അധികം താമസിക്കുന്നതിന് മുൻപ്, തെറ്റായ വിവരങ്ങൾ വിശ്വസിക്കുകയും, സ്നേഹബന്ധങ്ങൾ ഉലയുകയും

ചെയ്യും. യോജിപ്പിൽ ജീവിക്കുന്നതിന് സമയം ആവശ്യമാണ്, ഒരുമിച്ച് ആശയവിനിമയത്തിനും അത് ആവശ്യമാണ്.

## വിഗ്രഹാരാധന

ഒരുമിച്ച് യഹോവയെ ആരാധിക്കുന്ന ആത്മീയ ബന്ധത്തെ തകർക്കുന്നതായിരുന്നു ശലോമോന്റെ കാലത്തെ അന്യ ദേവന്മാരെ നമസ്ക്കരിച്ചിരുന്ന മ്ലേഛത. ആശയവിനിമയത്തിന്റെ കുറവ് അവഗണിക്കപ്പെട്ടു, എന്നാൽ വിഗ്രഹാരാധന ജനങ്ങളെ സ്വധർമ്മപരിത്യാഗത്തിലും ഭിന്നതയിലും എത്തിച്ചു.

ഒരു കുടുംബത്തിനായാലും, ഒരു ദേശത്തിനായാലും, ദൈവത്തെ നമസ്ക്കരിക്കുന്നതിനോടുള്ള അവിശ്വസ്തത എല്ലായ്പോഴും, അനർത്ഥസൂചകമാണ്. ദൈവത്തെ ഉപേക്ഷിച്ചുപോകുന്ന ആളുകൾ കുഴപ്പത്തിലേക്ക്, അപകടകരമായ കുഴപ്പത്തിലേക്കാണ് പോകുന്നത്. ഫലം എല്ലായ്പോഴും ഭിന്നതയായിരിക്കണമെന്നില്ല, എന്നാൽ ദൈവത്തെ ഉപേക്ഷിക്കുന്നതിന്റെ ഫലം എപ്പോഴും ഗൗരവമായ വിപത്തായിരിക്കും.

## ചിന്താശൂന്യത

ശലോമോന്റെ അമിതത്വത്തിന്റേയും കെട്ടിട നിർമ്മാണ പരിപാടികളുടേയും ഫലമായി നികുതി വർദ്ധനവും നിർബ്ബന്ധ ജോലിയും ജനങ്ങളിൽ അടിച്ചേൽപിച്ചത് ജനങ്ങളുടെ ഹൃദയങ്ങളിൽ ആഴമേറിയ-അതൃപ്തി ഉളവാക്കി. ഒരു നിശ്ചിത തുക നികുതി ചുമത്തേണ്ടത് ആവശ്യവും ന്യായവുമാണ്; പക്ഷെ അമിതമായ നികുതിയും വ്യക്തിപരമായ ത്യാഗവും നിറഞ്ഞുകവിഞ്ഞ പണവും, പെട്ടെന്നോ അല്ലെങ്കിൽ പിന്നീടോ ജനങ്ങളിൽ മൽസരം പൊട്ടിപ്പുറപ്പെടുവാനിടയായി.

രെഹൊബയാമിന്റെ ഉത്ഘാടനത്തിനുശേഷം, ജനങ്ങൾ അവനോട് ചോദിച്ച ചോദ്യം അവരിൽ ചുമത്തിയ ഭാരത്തെ സൂചിപ്പിക്കുന്നതായിരുന്നു:

> ജനങ്ങൾ ആളയച്ച് യൊരൊബെയാമിനെ വിളിപ്പിച്ചു, അവനും യിസ്രായേൽ ജനമൊക്കെയും വന്നു രെഹൊബയാമിനോട് സംസാരിച്ചു. നിന്റെ അപ്പൻ ഭാരമുള്ള നുകം ഞങ്ങളുടെ മേൽ വെച്ചു; "നിന്റെ അപ്പന്റെ കഠിനവേലയും അവൻ ഞങ്ങളുടെ മേൽ വെച്ചിരിക്കുന്ന ഭാരമുള്ള നുകവും, നീ ഭാരം കുറച്ചു തരേണം. എന്നാൽ ഞങ്ങൾ നിന്നെ സേവിക്കാം എന്നു പറഞ്ഞു" (12:3, 4).

മൂന്നു ദിവസത്തെ ചിന്തക്കുശേഷം, രെഹൊബയാം ശലോമോനുണ്ടായിരുന്നതിനേക്കാൾ കൂടുതൽ പേർ തനിക്ക് വേണമെന്ന് അവൻ പറഞ്ഞു; അത് ഫലിച്ചു! അവർക്ക് അതിലധികം എടുക്കുവാൻ കഴിഞ്ഞില്ല.

## കഴിവില്ലാത്ത നായകത്വം

പ്രായമായവരുടെ ബുദ്ധിപരമായ ആലോചനയെ ത്യജിച്ച് യുവാക്കളുടെ ആലോചന പരിഗണിച്ചതായിരുന്നു രെഹൊബയാമിന്റെ മൗഢ്യം (12:8). സാധാരണ, ജനങ്ങൾ വെറുതെ ഭിന്നിക്കുകയില്ല; അവരെ അതിലേക്ക് നയിക്കുകയാണ്! വർഷങ്ങളായി രൂപപ്പെട്ട പിളർപ്പ് സിമന്റിട്ട് ഉറപ്പിക്കുവാൻ ശരിയായ നായകനും ആവശ്യമായ ബുദ്ധിയും വേണ്ടിയിരുന്നു. രെഹൊബെയാം ശരിയായ മനുഷ്യനായിരുന്നില്ല. ചതുരത്തിലുള്ള ആപ്പ് ആവശ്യമായിരുന്ന സ്ഥാനത്ത് അവൻ വൃത്താകൃതിയിലുള്ള ആപ്പ് ആയിരുന്നു. ആവശ്യമായത്

ഇല്ലാത്ത, ആവശ്യമില്ലാത്ത വ്യക്തിയായിരുന്നു അയാൾ. അതിയായ അഹം ഭാവവും, സ്വയേഷ്ടയും, ധിക്കാരവും നിറഞ്ഞ ആളായിരുന്നു അയാൾ. അതേ സമയം, സാമാന്യബുദ്ധിയിലും, പരിഗണനയിലും, താഴ്മയിലും അപര്യാപ്തയുള്ളവനുമായിരുന്നു.

അസൂയയും, ആശയവിനിമയക്കുറവും, വിഗ്രഹാരാധനയും, ചിന്താശൂന്യതയും, കഴിവില്ലാത്ത നായകത്വവും സങ്കീർണ്ണമായ ഒരു സമയത്ത് ഒന്നിച്ചു ചേർന്നാൽ സ്ഥിതി എന്തായിരിക്കുമെന്ന് ആലോചിക്കുക; അവയിൽനിന്നു പുറപ്പെടുന്ന കൈപ്പ് മിക്കപ്പോഴും നീണ്ട വേർപിരിവും ഭിന്നതയും ജനിപ്പിക്കും. നമുക്ക് അത് നോക്കി പഠിക്കാം.

**ഉപസംഹാരം**

ദൈവഭക്തിയില്ലാത്ത ദേശത്തിന് ദൈവഭക്തിയില്ലാത്ത നേതൃത്വമുണ്ടാകുന്നതാണ്, ഭിന്നതക്ക് കാരണം. ആവിർഭവിച്ച രണ്ടു രാജ്യങ്ങളും എങ്ങനെയായിരുന്നു കാണപ്പെട്ടത്?

യെഹൂദാ ദേശത്തിന്റെ മൂന്നിരട്ടി വിസ്തീർണ്ണമായ 9,375 ചതുരശ്രമൈൽ ചുറ്റളവായിരുന്നു യിസ്രായേലിന്റേത്. അതിന്റെ ഭുപ്രദേശം വലുതായിരുന്നു എന്നു മാത്രമല്ല, അതിന്റെ പ്രകൃതിവിഭവങ്ങളും യെഹൂദ്യയേക്കാൾ ധനികമായിരുന്നു: വാഗ്ദാന ദേശത്ത് അബ്രഹാം ആദ്യം പണിത യാഗപീഠം ശേഖേമിലായിരുന്നു; വർഷങ്ങളോളം സമാഗമനകൂടാരം നിന്നിരുന്നത് ശിലോവിലായിരുന്നു; ശമുവേൽ പ്രാർത്ഥിക്കുകയും പ്രസംഗിക്കുകയും ചെയ്ത സ്ഥലങ്ങളായിരുന്നു, ബെഥേൽ, രാമാ, ഗിൽഗാൽ എന്നിവ. അതിന്റെ വിസ്തൃതിയും പത്തു ഗോത്രങ്ങളും കാരണം യെഹൂദ്യയുടെ രണ്ടിരട്ടി ജനസംഖ്യ യിസ്രായേലിലുണ്ടായിരുന്നു. അതിനാൽ വടക്കേ ദേശത്തിന്, ദേശിയ പേരായ, യിസ്രായേൽ നിലനിർത്തുവാൻ കഴിഞ്ഞു. ആ ഭിന്നിപ്പിനുശേഷം, തിരുവെഴുത്തിൽ “യിസ്രായേൽ” എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത് വടക്കേ രാജ്യത്തിനാണ്.

എങ്ങനെയായാലും, യെഹൂദക്ക്, യിസ്രായേലിനെ അപേക്ഷിച്ച് ചില നേട്ടങ്ങളുണ്ടായിരുന്നതിൽ മുഖ്യമായിരുന്നു, യെരുശലേം. ദേശത്തിന് ദൈവം-നിയമിച്ച മതപരമായ കേന്ദ്രവും, യെഹൂദ്യയുടെ ഭരണസിരാകേന്ദ്രവും യെരുശലേമിലായിരുന്നു. ദാവീദിന്റേയും, ശലോമോന്റേയുമടക്കം ദേശത്തിന്റെ നിധിശേഖരവും യെരുശലേമിലായിരുന്നു. ദൈവാലയം അവിടെ ആയിരുന്നതിനാൽ, ക്രമേണ, പുരോഹിതന്മാരും ജനങ്ങളും വടക്കേ രാജ്യത്തുനിന്നു തെക്കേ രാജ്യത്തിലേക്ക് കുടിയേറി പാർക്കുവാൻ തുടങ്ങി (2 ദിനവൃത്താന്തം 15:9, 10).

യെഹൂദ്യക്ക് ഏതാണ്ട് 3,435 ചതുരശ്രമൈൽ ചുറ്റളവാണുണ്ടായിരുന്നത്, എന്നാൽ അതിന്റെ മതപരമായ ശക്തി അതിനെ ഉറപ്പുള്ളതാക്കി. ദാവീദിന്റേയും ശലോമോന്റേയും നഗരമായ, യെരുശലേമും, തുടർച്ചയായ ഏക തലസ്ഥാനവും, ഏക ദൈവാലയവും യെഹൂദ്യ ദേശത്തെ ശക്തമാക്കി. യിസ്രായേലിന്, ദാനിലും, ബെഥേലിലും രണ്ട് ആരാധനാ സ്ഥലങ്ങളുണ്ടായിരുന്നു, മാറി മാറി പല തലസ്ഥാനങ്ങളും ഉണ്ടായിരുന്നു: ശേഖേം, തിർസാ, ശമര്യ. ഇത് യിസ്രായേലിന്റെ ഐക്യതക്ക് വിഷമമുണ്ടാക്കി.

ബി. സി. 931 മുതൽ 721 ബി. സി. വരെ അതായത് 209 വർഷം യിസ്രായേൽ അങ്ങനെ തുടർന്നു; എങ്കിലും, ആ കാലയളവിൽ സിംഹാസനത്തിൽ പത്തൊമ്പതു രാജാക്കന്മാരും, ഒമ്പതു രാജവംശങ്ങളുമുണ്ടായിരുന്നു. കുലപാ

തകത്തോടുകൂടിയാണ് ഓരോ വാഴ്ച്ചയും ആരംഭിക്കുന്നതും അവസാനിക്കുന്നതും. ബി. സി. 931 മുതൽ ബി. സി. 586 വരെ, അതായത് 345 വർഷം യെഹൂദ്യ ദേശം തുടരുകയുണ്ടായി, ദാവീദിന്റെ വംശാവലിയിൽ കൂടെ ഇരുപതു രാജാക്കന്മാരുമുണ്ടായി. ആറു വർഷത്തേക്ക് സിംഹാസനം പിടിച്ചെടുത്ത രാജ്ഞിയായിരുന്ന അഥല്യയുടെ സമയത്താണ് ദാവീദിന്റെ വംശാവലി മുറിഞ്ഞുപോയത്.

ശമര്യയുടെ നാശത്തിനും, വടക്കേ രാജ്യത്തെ അശൂര്യ പ്രവാസത്തിനു കൊണ്ടുപോയതിനും ശേഷം, തെക്കേ രാജ്യമായ യെഹൂദ്യ 136 വർഷം തുടർന്ന ശേഷമാണ് അവരെ ബാബേൽ പ്രവാസത്തിലേക്ക് കൊണ്ടുപോയത്.

വീണ്ടും ഒരിക്കലും പുനരേകീകരിക്കുവാൻ സാധ്യമല്ലാത്തവിധത്തിൽ, വടക്കേ രാജ്യം അപ്രത്യക്ഷമായി, എന്നാൽ തെക്കേ രാജ്യം എഴുപതു വർഷക്കാലത്തെ പ്രവാസത്തിനുശേഷം, യെരുശലേമിലേക്ക് മടങ്ങിവന്ന ശേഷമുള്ളവർ പട്ടണം പണിയുകയും, ദൈവാലയം പുനർനിർമ്മിക്കുകയും ചെയ്തു.ആ രണ്ട് രാജ്യങ്ങളുടേയും ആരംഭം മുതൽ അവസാനം വരെ, ഉയർച്ചയിലും താഴ്ച്ചയിലും, അവരോടൊപ്പമുണ്ടായിരുന്നവരായിരുന്നു യെഹൂദ്യയിലേയും യിസ്രായേലിലെയും അക്കാലത്തുണ്ടായിരുന്ന രാജാക്കന്മാരും പ്രവാചകന്മാരും. അതുകൊണ്ട്, ആ രണ്ടു രാജ്യങ്ങളെക്കുറിച്ചുള്ള ഏതു പഠനമായാലും, അന്നത്തെ രാജാക്കന്മാരെ കുറിച്ചും പ്രവാചകന്മാരെ കുറിച്ചും പഠിക്കേണ്ടത് അത്യാവശ്യമാണ്.

**പഠിക്കേണ്ടതായ പാഠം:**
**ദൈവത്തിലേക്കുള്ള വാതിലിനടുത്ത് നരകത്തിലേക്കുള്ള വാതിലുമുണ്ട്.**

---

കുറിപ്പ്

[1] 2 ശമുവേൽ 5:4 നോക്കുക.